പഞ്ചായത്തുതലത്തിലുള്ള പ്രവർത്തനങ്ങളേയും, വിവരശേഖരണം, അതിന്റെ ക്രോഡീകരണം, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഇൻഫർമേഷൻ കേരള മിഷൻ, കഴക്കൂട്ടം, വെള്ളനാട് ഗ്രാമപഞ്ചായത്ത് അധികാരികൾ, പഞ്ചായത്ത് ഡയറക്ടറേറ്റ് എന്നിവരുമായി വിശദമായ ചർച്ച നടത്തുകയുണ്ടായി. 2006 മാർച്ച് മാസത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) തൽക്കാലം ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) തൃശ്ശൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയും പാലക്കാട് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 15-9-1999-ലെ G.O. (P) 1815/99/(42)/ഫിൻ പ്രകാരമുള്ള സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇവ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(എച്ച്) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മന്ത്രിമാർ അതിഥി സൽക്കാരത്തിനും ഇന്റർനെറ്റ് ഇനത്തിലും ചെലവഴിച്ച തുക

49 [863] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിമാർ, മന്ത്രിമാർ എന്നിവർ അതിഥി സൽക്കാരങ്ങൾക്കായി ചെലവാക്കിയ തുകയുടേയും ഇന്റർനെറ്റ് ഇനത്തിൽ ചെലവഴിച്ച തുകയുടേയും വിശദവിവരങ്ങൾ അറിയിക്കുമോ ?

ഉത്തരം

അതിഥി സൽക്കാരം ഇനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. † ഇന്റർനെറ്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

ദുരിതാശ്വാസനിധിയിൽ നിന്ന് തുക കൈപ്പറ്റിയവർ

50 [868] ശ്രീ. വി. കെ. സി. മമ്മദ്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 2003 മേയ് മുതൽ നവംബർ വരെയുള്ള കാലത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും തുക സ്വീകരിച്ചവരുടെ പേരും അവർക്ക് നൽകിയ തുകയും വ്യക്തമാക്കാമോ ;

(ബി) 2003 മേയ് മാസം വരെ മുഖ്യമന്ത്രി ദുരിതാശ്വാസം അനുവദിച്ച തുക ഫണ്ട് ഇല്ലാത്തതുകാരണം മാറ്റിവെച്ചുവോ ; എങ്കിൽ മാറ്റിവെയ്ക്കപ്പെട്ട തുക എത്ര ആയിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടിക സമുദായക്കാർക്ക് ചികിത്സാ ധനസഹായ കുടിശ്ശിക

51 [870] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചികിത്സാസഹായം അനുവദിച്ച വകയിൽ കുടിശ്ശികയിനത്തിൽ എത്ര തുക വീതം സംസ്ഥാനത്തെ എസ്.സി./എസ്.ടി. ജില്ലാ ഓഫീസ് മുഖേന നൽകാനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) കുടിശ്ശികയായിട്ടുള്ള പ്രസ്തുത തുക എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച വകയിൽ 1,02,11,600 (ഒരു കോടി രണ്ടു ലക്ഷത്തി പതിനൊന്നായിരത്തി അറുന്നൂറ്) രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. †

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച വകയിൽ 22,452,135 (ഇരുപത്തിരണ്ടു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി ഒരുനൂറ്റി മുപ്പത്തഞ്ച്) രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. †

(ബി) തുക വിതരണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം

52 [873] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-വർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നിയമമനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമമനുസരിച്ച്, അതിക്രമത്തിന് വിധേയരായ പട്ടികജാതി-വർഗ്ഗ വിഭാഗത്തിനുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ 5 വർഷത്തിനകം എത്ര പേർ അതിക്രമത്തിന് വിധേയരായി ; എത്ര പേർക്ക് അടിയന്തിര സഹായം നൽകുകയുണ്ടായി ;

(ഇ) അതിക്രമത്തിന് വിധേയരായ കുടുംബത്തിലെ വിധവയായിട്ടുള്ള ആർക്കെങ്കിലും ജോലി നൽകുകയുണ്ടായോ ; പെൻഷൻ നൽകിയിട്ടുണ്ടോ ?

അനുബന്ധം III, III (എ)

LIBRARY ARCHIVES Kerala Legislative Assembly